നമ്പർ. സി2/11358/റ്റിസി/2015

ട്രാൻസ്പോർട്ട് കമ്മീഷണറേറ്റ്, കേരളം,
രണ്ടാം നില, ട്രാൻസ് ടവേഴ്സ്, വഴുതക്കാട്, തിരുവനന്തപുരം-14,
[☎0471-2333337/2333317 ഫാക്സ് 0471-2333314]
www.keralamvd.com [ഇ-മെയിൽ - tcoffice@keralamvd.gov.in ]

തീയതി, 29.05.2015

പ്രേഷിതൻ,

ട്രാൻസ്പോർട്ട് കമ്മീഷണർ,
തിരുവനന്തപുരം.

സ്വീകർത്താവ് ,

എല്ലാ ഡെപ്യൂട്ടി ട്രാൻസ്പോർട്ട് കമ്മീഷണർമാർക്കും,
എല്ലാ റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാർക്കും.
എല്ലാ സബ് ഓഫീസുകളിലേയും ജോയിന്റ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാർക്കും.

സർ,

വിഷയം :- ***മോട്ടോർ വാഹന വകുപ്പ്***— 2015- അദ്ധ്യയന വർഷാരംഭത്തിൽ ജൂൺ 1 മുതൽ 30-)0 തീയതി വരെ സ്കൂൾ വിദ്യാർത്ഥികളുടെ യാത്രാ സുരക്ഷയുമായി ബന്ധപ്പെട്ട എല്ലാ ആർ.റ്റി.ഒ / ജോയിന്റ് ആർ.റ്റി.ഒ മാരും സ്കൂൾ സമയങ്ങളിൽ പ്രത്യേക പരിശോധന സംഘങ്ങളെ നിയോഗിച്ച് പരിശോധനയും നിരീക്ഷണവും - മാർഗ്ഗനിർദേശങ്ങൾ- സംബന്ധിച്ച്.

2015- അദ്ധ്യയന വർഷാരംഭത്തിൽ ജൂൺ 1 മുതൽ 30-)0 തീയതി വരെ സ്കൂൾ വിദ്യാർത്ഥികളുടെ യാത്രാ സുരക്ഷയുമായി ബന്ധപ്പെട്ട എല്ലാ ആർ.റ്റി.ഒ / ജോയിന്റ് ആർ.റ്റി.ഒ മാരും സ്കൂൾ സമയങ്ങളിൽ പ്രത്യേക പരിശോധന സംഘങ്ങളെ നിയോഗിച്ച് പരിശോധനയും നിരീക്ഷണവും നടത്തേണ്ടതാണ്. ആയതിന്റെ മാർഗ്ഗനിർദേശങ്ങൾ താഴെ പറയുന്നു.

1. അമിതമായി കുട്ടികളെ കുത്തി നിറച്ച് കൊണ്ട്പോകുന്ന സ്കൂൾ വാഹനങ്ങൾക്കെതിരെയും ഓട്ടോറിക്ഷ മുതലായ ഇതര വാഹനങ്ങൾക്കെതിരെയും കർശന നടപടി എടുക്കുക.
2. ഇ.ഐ.ബി വാഹനങ്ങൾ ഓടിക്കുന്ന ഡ്രൈവർമാർ നിർദ്ദിഷ്ട യോഗ്യതയും പരിചയവും ഉള്ളവരാണെന്ന് ഉറപ്പ് വരുത്തുക.
3. സ്വകാര്യ വാഹനങ്ങൾ ഇ.ഐ.ബിയായി ഉപയോഗിക്കുന്നില്ല എന്ന് സ്കൂൾ പരിസരത്ത്തന്നെ പരിശോധനനടത്തി ഉറപ്പ് വരുത്തുക.
4. ഇ.ഐ.ബി വാഹനങ്ങളിൽ Certificate of fitness Test ന് ശേഷവും ആവശ്യമായ device കളായ അഗ്നി ശമന ഉപകരണം സ്പീഡ് ഗവേർണർ, ഇമർജൻസി എക്സിറ്റ് എന്നിവ നിലവിലുണ്ടോ എന്ന് ഉറപ്പ് വരുത്തേണ്ടതാണ്.

5. ഇ.ഐ.ബി വാഹനങ്ങളിൽ നിർബന്ധമായും ഡോർ അറ്റൻഡന്റ് ഉണ്ട് എന്ന് ഉറപ്പ് വരുത്തുകയും ഇവർ സ്റ്റോപ്പ് കളിൽ കുട്ടികളെ റോഡ് മുറിച്ച്കടക്കുന്നതിന് സഹായിക്കണമെന്നും നിർദ്ദേശം നൽകുക.

6. ഇ.ഐ.ബി വാഹനങ്ങളുടെ പുറകിലും വശങ്ങളിലും സ്കൂളിലെ ഫോൺ നമ്പർ, ചയിൽഡ് ലൈൻ നമ്പർ 1098, വാഹനത്തിനുള്ളിൽ കുട്ടികളുടെ ലിസ്റ്റും അവരുടെ രക്ഷകർത്താക്കളുടെ ഫോൺ നമ്പരും അടങ്ങിയ ലിസ്റ്റും ഉണ്ട് എന്ന് ഉറപ്പ് വരുത്തുക.

7. Stage Carriage കളിൽ സ്കൂൾ കുട്ടികളെ കയറ്റുന്നതിന് വിമുഖത കാണിക്കുന്നസ്വകാര്യ ബസ്സ് ഉടമകൾ, ജീവനക്കാർക്കെതിരെ കർശന നടപടി സ്വീകരിക്കേണ്ടതാണ്.

8. എല്ലാ സ്കൂളുകളിലും ഒരു അദ്ധ്യാപകനെ (കഴിയുന്നതും എസ്.പി.സി/എൻ.സി.സി/എൻ.എസ്.എസ് ചുമതലയുള്ളവർ) ട്രാഫിക് നോഡൽ ഓഫീസർമാരായി നിയമിക്കേണ്ടതാണ്.

9 എല്ലാ ഓഫീസുകളുടെയും കീഴിലുള്ള സ്കൂളുകളിലെ വിദ്യാർത്ഥികളുടെ യാത്രപ്രശ്നങ്ങൾ നിരന്തരമായി നിരിക്ഷിക്കുന്നതിന് അപ്പപ്പോൾ പരിഹാരം നേടുന്നതിന് വിവിധ ഏജൻസികളുടെ ( പോലീസ്, എഡ്യൂക്കേഷൻ etc) സഹായം തേടുന്നതിനുമായി ഒരു മോട്ടോർ വെഹിക്കിൾ ഇൻസ്പെക്ടർ/അസിസ്റ്റന്റ് മോട്ടോർ വെഹിക്കിൾ ഇൻസ്പെക്ടറെ നിയോഗിക്കേണ്ടതാണ്. ഈ ഉദ്യോഗസ്ഥന്റെ ഫോൺ നമ്പർ എല്ലാ സ്കൂൾ അധികാരികൾക്കും, ട്രാഫിക് നോഡൽ ഓഫീസർക്കും നൽകേണ്ടതാണ്.

വിശ്വസ്തതയോടെ,

ജോയിന്റ് ട്രാൻസ്പോർട്ട് കമ്മീഷണർ
(എൻഫോഴ്സ്മെന്റ്),
ട്രാൻസ്പോർട്ട് കമ്മീഷണർക്ക് വേണ്ടി

29/5/15